# ഏലിയാ സ്ലീവാ മൂശക്കാലം ഒമ്പതാം ഞായർ

# മിഷൻ ഞായർ

## <u>മറന്നുകൂടാത്തത്</u>

- മിഷൻ എന്നാൽ ദൗത്യം എന്നർത്ഥം.
- മർക്കോസ് 16,15 തന്നെ അടിസ്ഥാനം, "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടകളോടും സുവിശേഷം പ്രസംഗിക്കുവിൻ".
- ശ്ലീഹൻമാരുടെ അടങ്ങാത്ത മിഷൻ ദൗത്യത്തിന്റെ ഫലമാണ് നമ്മുടെ വിശ്വാസം.
- ക്രിസ്തുവിനെ പ്രാണനു തുല്യം സ്നേഹിച്ച അനേകം വിശുദ്ധാത്മാക്കളുടെ വിയർപ്പും ചോരയുംകൊണ്ട് തളിർത്തുവന്ന സഭ.
- നാം ഏവരും മിഷനറിമാർ, പ്രേഷിതർ എന്നു മലയാളം.

## <u>പ്രേഷിതൻ എന്നാൽ?</u>

- പ്രേരിപ്പിക്കുന്നവൻ എന്ന് അർത്ഥം കൊടുത്തോട്ടേ?
- ലോകമെങ്ങും അലയേണ്ട, ഞാനുള്ള സ്ഥലത്തുതന്നെ ഒരായിരം മിഷനുള്ള സാധ്യതകളുണ്ടല്ലോ.
- നന്മയെ പ്രേരിപ്പിക്കുന്നവരാകുക
    - അയാളെപ്പോലെ എന്നും വി. കുർബ്ബാനയ്ക്കു പോകാൻ കഴിഞ്ഞിരുന്നെങ്കിൽ...
    - ഈ വീട്ടിലെതുപോലെ എന്നും എല്ലാവർക്കും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ...

- ആ ദമ്പതികളെപ്പോലെ പരസ്പരം സ്നേഹിച്ച് ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...
- ആ സുഹൃത്തിനെപ്പോലെ ഒരുപാട് നന്മ ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ...
- ആ മനുഷ്യരെപ്പോലെ വൃദ്ധരായ മാതാപിതാക്കളെ സ്നേഹിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...

➢ ഇതുപോലെ ജീവിക്കുന്ന ഇടങ്ങളിൽ ഒരായിരം നന്മയെ പ്രേരിപ്പിക്കുന്നരാവുക.

## <u>മിഷനറി "മെഷിനറി" ആകുന്നുണ്ടോ?</u>

➢ മിഷനറി (ദൗത്യം വഹിക്കുന്നവൻ) ഇന്ന് വെറും മെഷിനറി (യന്ത്രം) ആയി മാറുന്നുണ്ടോ?

➢ എന്നും എപ്പോഴും ബുദ്ധിയെക്കാലും വിവേകത്തേക്കാലും കഷ്ടപ്പാടുകളാലും ആത്മീയചൈതന്യത്താലും നയിക്കപ്പെടേണ്ട ക്രൈസ്തവൻ...

  - ആത്മീയാന്ധതയ്ക്കു വഴിപ്പെട്ടാൽ
  - അഹങ്കാരവും ഭ്രമത്തതയും ബാധിച്ചാൽ
  - മാധ്യമങ്ങൾക്ക് അടിമയായാൽ
  - ലോകസുഖങ്ങൾക്കും ജഡികാശകൾക്കും വഴിപ്പെട്ടാൽ
  - ബന്ധവും ബന്ധങ്ങളും മറന്നുപോയാൽ
  - സ്വന്തം ജീവന്റെ വില നഷ്ടപ്പെടുത്തിയാൽ
  - വിശ്വാസത്തിനെതിരായി ജീവിച്ചു തുടങ്ങിയാൽ

ദൈവമേ... ജീവിക്കുന്ന മണ്ണിൽ നന്മയെ സ്നേഹിക്കുന്ന പ്രേഷിതനായി എന്നെ രൂപന്തരപ്പെടുത്തണമേ... ആമ്മേൻ...

**- ഫാ. അജോ രാമച്ചനാട്ട്**